പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1021 | 14-10-2026-ൽ മറുപടിയ്ക്ക്

**<u>മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോഴുള്ള രക്ഷാപ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി .എം. എ. സമീർ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കടലിൽ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ ഗോൾഡൻ അവറിൽ തന്നെ രക്ഷാപ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കടലിൽ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ ഗോൾഡൻ അവറിൽ തന്നെ രക്ഷാ പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിലും ആവശ്യമായ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ 9 ഫിഷറീസ് സ്റ്റേഷനുകളിലും വകുപ്പിന് സ്വന്തമായി ഒരു എഫ്.ആർ.പി. വള്ളമുണ്ട്. വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകൾ ഉണ്ട്. ഓരോ ജില്ലയിലും രക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനായി ലൈഫ് ഗാർഡുമാരും, ഹാർബർ ബെയ്സ്ഡ് സീ റെസ്ക്യൂ ഗാർഡുമാരും പ്രവർത്തിക്കുന്നുണ്ട്. രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയറിന്റെ കരട് തയ്യാറാക്കി വിവിധ തലങ്ങളിൽ ചർച്ച നടത്തി അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അപകടത്തെ സംബന്ധിച്ച് അറിയിപ്പ് ലഭ്യമായ ഉടൻതന്നെ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനങ്ങൾ ആരംഭിക്കാറുണ്ട്. ഫിഷറീസ് വകുപ്പിന്റെ പട്രോളിംഗ് ബോട്ടും റസ്ക്യൂവള്ളങ്ങളും, മറൈൻ ആംബുലൻസ് ഉള്ള ജില്ലകളിൽ മറൈൻ ആംബുലൻസും രക്ഷാപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. കടൽ രക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നേടിയിട്ടുള്ള ലൈഫ് ഗാർഡുമാരും, ഹാർബർ ബെയ്സ്ഡ് റെസ്ക്യൂ ഗാർഡുകളും രക്ഷാ പ്രവർത്തനത്തിൽ പങ്കെടുക്കുന്നു. ഇതിനായി 24 മണിക്കൂറും കൺട്രോൾ റൂം സംവിധാനം ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കും. ആവശ്യമെങ്കിൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, കോസ്റ്റൽ പോലീസ് എന്നിവരുടെ സഹായവും ഉറപ്പാക്കാറുണ്ട്.

**(ബി)** ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ സേവനവും പങ്കാളിത്തവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

**<u>മറുപടി:</u>** കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഗോൾഡൻ അവറിനുള്ളിൽ രക്ഷപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ സേവനവും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് നേരത്തെ സ്വീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖങ്ങൾ കേന്ദ്രീകരിച്ച് പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം, സുരക്ഷാ ഉപകരണങ്ങൾ, വിവിധ രക്ഷാ ഏജൻസികളുമായുള്ള ഏകോപനം എന്നിവ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, അപകടവിവരങ്ങൾ അടിയന്തിരമായി കൈമാറുന്നതിനും രക്ഷാപ്രവർത്തനം വേഗത്തിൽ ഏകോപിപ്പിക്കുന്നതിനും ഫിഷറീസ് വകുപ്പ്, തീരദേശ പൊലീസ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ് തുടങ്ങിയ ബന്ധപ്പെട്ട ഏജൻസികളുടെ സഹകരണം ഉറപ്പാക്കുന്നുണ്ട്. കടലിന്റെ സ്വഭാവവും അപകടസാധ്യതയുള്ള മേഖലകളും സംബന്ധിച്ച് പ്രാദേശിക മത്സ്യത്തൊഴിലാളി കൾക്കുള്ള അറിവ് ഫലപ്രദമായി വിനിയോഗിച്ച് രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും, രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പിന്തുണയും അംഗീകാരവും ഉറപ്പാക്കുന്നതിനുമുള്ള നടപടികളും വകുപ്പ് തയ്യാറാക്കിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയറിന്റെ കരടിൽ സൂചിപ്പിച്ചിട്ടുണ്ട്.

**(സി)** മുതലപ്പൊഴിയിൽ പതിവായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** മുതലപ്പൊഴി ഹാർബറിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ വികസനത്തിനായി 177.00 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് തെക്കേ പുലിമുട്ടിന്റെ നീളം 840 മീറ്റർ നീട്ടുന്ന പ്രവൃത്തിയാണ് നിലവിൽ നടന്നുവരുന്നത്. നിലവിലെ തെക്കേ പുലിമുട്ടിന്റെ നീളം 220 മീറ്റർ നീട്ടിയപ്പോൾ തന്നെ ജൂൺ, ജൂലൈ മാസത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സുഗമമായി മത്സ്യബന്ധനത്തിന് പോകുവാൻ സാധിച്ചിരുന്നു. നിലവിൽ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി പുരോഗമിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ അപകടമുന്നറിയിപ്പ് നൽകുന്നതിനുള്ള ചുവന്ന ലൈറ്റുകളും വാണിംഗ് സൈറൺ സംവിധാനവും ഹാർബറിൽ സ്ഥാപിച്ചിട്ടുണ്ട്.

മൗത്തിലും ചാനലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി മുതലപ്പൊഴി ഹാർബർ മൗത്തും ചാനലും ഡ്രഡ്ജിംഗ് ചെയ്യുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുമായി MOU ഒപ്പിടുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. മുതലപ്പൊഴി ഹാർബറിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതലപ്പൊഴി ഹാർബറിൽ തെക്കേപുലിമുട്ടിന് സമീപം മുതലപ്പൊഴി അഴിമുഖത്തും ചാനലിലും 24 മണിക്കൂറും നിരീക്ഷണം നടത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവർക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതോടൊപ്പം റിമോട്ട് കൺട്രോൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ബോയയും മൂന്ന് റിങ്ങ് ബോയകളും ഒരുക്കിയിട്ടുണ്ട്. തെക്കു വടക്കു പുലിമുട്ടുകളിൽ അടിയന്തിര സാഹചര്യത്തിൽ ഉപകരിക്കുന്നതിനായി 17 ബോയകൾ കയറിൽ ബന്ധിപ്പിച്ചു സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പെരുമാതുറ പാലത്തിൽ അടിയന്തിര ഘട്ടങ്ങളിൽ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള ചുവന്ന ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ മത്സ്യ തൊഴിലാളികൾക്ക് അപായസൂചന നൽകുന്നതിനായുള്ള വാണിംഗ് സൈറൺ സംവിധാനവും പെരുമാതുറയിൽ സ്ഥാപിച്ചിട്ടുണ്ട്.

ഇതു കൂടാതെ മുതലപ്പൊഴിയിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തു ന്നതിനായി 2 ഫൈബർ വള്ളങ്ങളും 30 ലൈഫ് ഗാർഡുമാരെയും സജ്ജമാക്കിയിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം ആരാധനാലയങ്ങൾ മുഖേനയും അലാറം സിസ്റ്റം മുഖേനയും നൽകിവരുന്നു. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് ഉടൻ വൈദ്യസഹായം ലഭ്യമാക്കുന്നതിന് ഒരു ആംബുലൻസും സജ്ജമാക്കിയിട്ടുണ്ട്. 2500 രൂപ ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 10000 രൂപ വിലവരുന്ന സീ സേഫ്റ്റി കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും ആശയവിനിമയത്തിനുമായി 100 ശതമാനം സബ്സിഡിയോടെ യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. മുതലപ്പൊഴി ഹാർബറിൽ ജോലിചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് കടലപകടങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**